# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5147 24.10.2011-ൽ മറുപടിയ്ക്ക്

## കുറ്റ്യാടി ജലസേചന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.ജെ.ജോസഫ് ( ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി ജലസേചന പദ്ധതി കനാലുകൾ നിർമ്മിച്ചിട്ടുള്ളത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; | (എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളുടെ നിർമ്മാണം 1962 ൽ ആരംഭിച്ചു. 1985 ൽ കനാലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാവസരങ്ങളിൽ നടത്താറുണ്ടോ എന്നും ഇല്ലെങ്കിൽ അതിനു കാരണമെന്തെന്നും വ്യക്തമാക്കുമോ; | (ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) കനാലുകൾക്ക് നിർമ്മിച്ച അക്വഡക്ടുകൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ചു കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) എങ്കിൽ ഇത് അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ഡി) വടകര സബ്ഡിവിഷന്റെ കീഴിലുള്ള അപകടാവസ്ഥയിലുള്ള അക്വഡക്ടുകൾ കോഴിക്കോട് NIT- യിലെ വിദഗ്ധർ പരിശോധിക്കുകയും , ഇതിൽ പലതും പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കാൻ ശുപാർശ ചെയതിട്ടുണ്ട്. മറ്റുള്ളവയുടെ എസ്റ്റിമേറ്റുകൾ തയ്യാറായികൊണ്ടിരിക്കുന്നു. |
| (ഇ) കനാൽ ചോർച്ച തടയുന്നതിന് കോൺക്രീറ്റ് ലൈനിംഗ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ